കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## വെണ്മണി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി5/28/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ
തീയതി.12.01.17
ഫോൺ: 0477-2252753
ഇ.മെയിൽ:ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെണ്മണി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :വെണ്മണി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-2, 2-3, 2-7, 2-9 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-2, 3-5, 3-6 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്.

നം കെ.എസ്.എ/എ.എൽ.പി/പി.5/28/17 തീയതി:12.01.2017

ആലപ്പുഴ ജില്ലയിലെ വെണ്മണി ഗ്രാമപഞ്ചായത്തിന്റെ
2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള
ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ 30.11.2015 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സി.വൈ. സലിം, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.12.2016 മുതൽ 06.01.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ജി.ഹരികുമാർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി. ദീപ.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.സുനിൽകുമാർ.ജി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.പി.സി.അജിത | 01.04.15മുതൽ 31.10.15 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 01.11.15 മുതൽ 11.11.15വരെ |
| | ശ്രീ. ലെജുകുമാർ | 12.11.15 മുതൽ 31.03.16വരെ |
| സെക്രട്ടറി | ശ്രീ.ജി.സുനിൽകുമാർ | 01.04.15മുതൽ 31.03.16വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പി.ഹരീഷ് കുമാർ | 01.04.15 മുതൽ 19.8.15 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.രാധാകൃഷ്ണ കുറുപ്പ് | 20.08.15 മുതൽ 01.01.16 വരെ |

| | | |
|---|---|---|
| | | |
| | ശ്രീ.പി.കെ.അനിൽകുമാർ | 02.01.16 മുതൽ 31.03.16 വരെ |
| കൃഷി ഓഫീസർ | ശ്രീ.വി.അനിൽകുമാർ | 01.04.15 മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.കെ.എസ്.ഷിബു | 01.04.15 മുതൽ 31.03.16 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ജയശ്രീ | 01.04.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.മുഹമ്മദ് ഷാഫി.പി.എ | 01.04.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.കൃഷ്ണകുമാർ.ആർ | 01.04.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഷീന.പി.എസ് | 01.04.15 മുതൽ 31.03.16 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.എസ്.പുഷ്പ | 01.04.15 മുതൽ 31.03.16 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.റ്റി.കെ.സുനിൽ | 01.04.15 മുതൽ 31.03.16 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സുജിത് രാജൻ | 01.04.15 മുതൽ 31.03.16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1മുതൽ 1-11 വരെ | പൊതു അവലോകനം |
| | | ഭാഗം 2 |
| 2 | 2-1 | ഗ്യാപ്പ് ഫണ്ട് തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല |
| 3 | 2-2 | ഡി & ഒ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല |
| 4 | 2-3 | നിരവധി സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു - ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല |
| 5 | 2-4 | ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനനികുതി ഈടാക്കിയില്ല |
| 6 | 2-5 | പരസ്യനികുതി പിരിയ്ക്കുന്നില്ല - വരുമാന നഷ്ടം |
| 7 | 2-6 | ഡി& ഒ ലൈസൻസ് ഫീസ് - ഡി.സി.ബി ശരിയായി കണക്കാക്കിയില്ല |
| 8 | 2-7 | കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നൽകാതെ ഒഴിച്ചിട്ടിരിക്കുന്നു - പഞ്ചായത്തിന് വരുമാന നഷ്ടം |
| 9 | 2-8 | രസീതു ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുകയോ ക്യാൻസൽ ചെയ്ത രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല |

| | | |
|---|---|---|
| 10 | 2-9 | വസ്തുനികുതി കുടിശ്ശിക ലക്ഷങ്ങൾ - നികുതി പിരിവ് കാര്യക്ഷമമല്ല |
| | | ഭാഗം 3 |
| 11 | 3-1 | നെൽകൃഷിക്ക് കൂലിച്ചെലവ് - പരമാവധിയിലും അധികമായി ധനസഹായം നല്കി. അധികച്ചെലവ് അംഗീകരിക്കുന്നില്ല |
| 12 | 3-2 | ബഡ്സ് സ്കൂൾ യാഥാർത്ഥ്യമാക്കി കൂടുതൽ മെച്ചപ്പെട്ട സേവനം ഉറപ്പാക്കണം |
| 13 | 3-3 | രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു |
| 14 | 3-4 | കിണർ നിർമ്മാണം (എസ്സ്.സി.പി.)പ്രോ.നം.S0200/16.സർക്കാർ നിശ്ചയിച്ചതിലും അധികരിച്ച നിരക്കിൽ സബ്സിഡി അനുവദിച്ചു |
| 15 | 3-5 | മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാത്തത് - അപാകത |
| 16 | 3-6 | വീട് അറ്റകുറ്റപ്പണി പ്രോ.നം.S0018/16 & S0029/16 നിശ്ചിത കാലപ്പഴക്കമില്ലാത്ത കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിക്ക് സാമ്പത്തികസഹായം നൽകി |
| 17 | 3-7 | വിവിധ വാർഡുകളിലെ ടാറിംഗ്/റീ ടാറിംഗ് പ്രവൃത്തികൾ - ടാർ വീപ്പയുടെ വില ഈടാക്കിയില്ല |
| 18 | 3-8 | കെട്ടിട നമ്പർ നൽകിയില്ല – കേസ് നടത്തിപ്പിന് അധിക ചെലവ് |
| 19 | 3-9 | പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കു വേണ്ടി മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല |
| 20 | 3-10 | ക്ഷേമപെൻഷൻ വിതരണം - അപാകതകൾ |
| 21 | 3-11 | തൊഴിൽ രഹിത വേതനം - രജിസ്റ്ററിൽ ജനനതീയതി, രജിസ്ട്രേഷൻ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല |
| 22 | 3-12 | കറണ്ട് ചാർജിനത്തിൽ അധികം മാറിയ തുക പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചില്ല |
| | | ഭാഗം 4 |
| 23 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 01.03.2015 തീയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 25.07.2016 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13184579 |
| വരവ് | 33164739 |
| ആകെ | 46349318 |
| ചെലവ് | 41026243 |
| നീക്കിയിരിപ്പ് | 5323075 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | റ്റി.സി. ചെയ്തു ലഭിച്ച തുക | തൻവർഷ അലോട്ട്മെന്റ് | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ച തുക | ആകെ (2)+(3)+(5) | ചെലവ് | റ്റി.സി. ചെയ്തു നൽകിയ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1101932 | 4248941 | 8110555 | 1025784 | 6376657 | 6376657 | -- | 0 |
| വികസനഫണ്ട് എസ്.സി.പി. | 1248402 | -- | 6990000 | 5119102 | 6367504 | 6191933 | 175571 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 9000 | -- | 18000 | 0 | 9000 | 0 | 9000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 1137091 | 407451 | 6802000 | 5830830 | 7375372 | 7375372 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1023523 | -- | 2320000 | 2320000 | 3343523 | 2936072 | 407451 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1007466 | -- | 5088125 | 3404820 | 4412286 | 3404820 | 1007466 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2295000 | -- | 2295000 | 1488333 | 3783333 | 1488333 | 2295000 | 0 |
| എം.എൻ. ആർ.ഇ. ജി.എസ്. | 0 | -- | 21163357 | 21163357 | 21163357 | 21155319 | 0 | 8038 |
| ബി ഫണ്ട് | 0 | 0 | 73988 | 73988 | 73988 | 73988 | 0 | 0 |

1-6പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 164 | 35110414 | 135 | 27791187 | 15 | 14 | 82.31 |

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 11.48% ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+) |
|---|---|---|---|---|
| നികുതി വരവുകൾ | 2755324 | 2823967 | 68643 | 2.49 |
| നികുതിയേതര വരവുകൾ | 527898 | 550860 | 22962 | 4.35 |
| മറ്റുവരവുകൾ | 523723 | 869219 | 345496 | 65.97 |
| ആകെ | 3806945 | 4244046 | 437101 | 11.48 |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 57360 | 104 |
| കർഷകതൊഴിലാളി പെൻഷൻ | 1075020 | 378 |
| വിധവാപെൻഷൻ | 2941400 | 754 |
| വാർദ്ധക്യകാലപെൻഷൻ | 3316080 | 1142 |
| വികലാംഗപെൻഷൻ | 964960 | 255 |
| അവിവാഹിത പെൻഷൻ | 201320 | 55 |
| വിവാഹധനസഹായം(വിധവകളുടെ പെൺമക്കൾക്ക്) | 270000 | 9 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.12.2016 3 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2376/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

പെർമിറ്റ് രജിസ്റ്റർ ശരിയായി പരിപാലിക്കുന്നില്ല. 2014-15 ൽ 76 ഉം 2015-16 ൽ 92 ഉം പെർമിറ്റുകൾ നൽകിയിട്ടുണ്ടെങ്കിലും ടി കെട്ടിടങ്ങൾ പണി പൂർത്തിയാക്കിയതായോ അസ്സസ്സ് ചെയ്തതായോ പെർമിറ്റ് രജിസ്റ്ററിൽ നിശ്ചിത കോളത്തിൽ (കോളം16) രേഖപ്പെടുത്തുന്നില്ല. തൊഴിൽ രഹിത വേതന രജിസ്റ്ററിൽ ഗുണഭോക്താക്കളുടെ ജനനതീയതി രേഖപ്പെടുത്തിയിട്ടില്ല. ഉപയോഗിച്ച രസീതുബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്

രേഖപ്പെടുത്തിയിട്ടില്ല. വസ്തു നികുതിയിളവ് അനുവദിച്ച രജിസ്റ്ററിൽ അപേക്ഷകൾ ലഭിച്ചതീയതി, സെക്രട്ടറിയുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7.10.2016 | 09/2016 | 25.11.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.2.2016 – 01.03.2016 | 2010-11 മുതൽ 2014-15 വരെ | 29.04.2016 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഗ്യാപ്പ് ഫണ്ട് തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല

ഗ്രാമപ്പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളും ശമ്പളം തുടങ്ങിയ ആവശ്യങ്ങളും നിറവേറ്റുന്നതിന് തനത് ഫണ്ട് മതിയാകാതെ വന്ന സാഹചര്യത്തിൽ, നാലാം ധനകാര്യക്കമ്മീഷന്റെ ശുപാർശ പ്രകാരം 01.02.2016ലെ സ.ഉ.നമ്പർ 1029/2 016/ധനം ഉത്തരവ് പ്രകാരം സർക്കാർ അനുവദിച്ച പ്രത്യേക ധനസഹായമാണ് ഗ്യാപ് ഫണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം കുറവായതിന്റെ അടിസ്ഥാനത്തിൽ ലഭിച്ചതായിട്ടും ഈ പ്രാധാന്യം കണക്കിലെടുത്ത് യഥാസമയം ട്രഷറിയിൽ ക്രഡിറ്റ് ചെയ്യാഞ്ഞതിനാൽ 212522/- രൂപ ഗ്രാമപ്പഞ്ചായത്തിന് നഷ്ടപ്പെട്ടു. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തുക ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-2 ഡി & ഒ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2015-16 ൽ ഡി & ഒ ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല.

1.മാവേലിസ്റ്റോർ, വെണ്മണി

2.റേഷൻ കടകൾ (16 എണ്ണം)

3.നീതി സ്റ്റോർ, വെണ്മണി

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2) ലൈസൻസ് നൽകുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ കൃത്യമായി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 നിരവധി സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു - ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല

വെൺമണി ഗ്രാമപഞ്ചായത്ത് പരിധിയിൽ നിരവധി സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് കൂടാതെ പ്രവർത്തിച്ചു വരുന്നതായി ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13.4) ഫീൽഡ് സ്റ്റാഫിന്റെ അഭാവവും ജോലിക്കൂടുതലും കാരണം ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലായെന്നും ഭാവിയിൽ അപാകത പരിഹരിക്കുന്നതുമാണ് എന്ന് മറുപടി ലഭിച്ചു. അപാകത പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനനികുതി ഈടാക്കിയില്ല

താഴെപ്പറയുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 2015-16 ൽ സ്ഥാപന നികുതി ഈടാക്കിയില്ല.

1.എ.ആർ. റ്റി ലീസിംഗ് ലിമിറ്റഡ്, കല്യാത്തറ

2.എൻ.ഐ.കെ ചിട്ടി ഫണ്ട്, വെണ്മണി

3.പി.ആർ.ഡി ഫൈനാൻസിയേഴ്സ്, വെണ്മണി

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10, നം.13) മറുപടി ലഭിച്ചില്ല. ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി അടിയന്തിരമായി ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന എല്ലാ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഭാവിയിൽ സ്ഥാപന നികുതി പിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-5 പരസ്യനികുതി പിരിയ്ക്കുന്നില്ല - വരുമാന നഷ്ടം

വെണ്മണി ഗ്രാമ പഞ്ചായത്ത് പരിധിയിൽ ധാരാളം പരസ്യബോർഡുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും 2015-16 വർഷം പരസ്യനികുതി ഇനത്തിൽ തുകയൊന്നും പിരിച്ചെടുത്തില്ല. ഗ്രാമ പഞ്ചായത്തിൽ നാളിതുവരെ പരസ്യനികുതി സംബന്ധിച്ച് ബൈലോ തയ്യാറാക്കുകയോ പരസ്യനികുതി പിരിക്കുകയോ ചെയ്യാത്തതിനാൽ ഗ്രാമപഞ്ചായത്തിന് തുടർച്ചയായി വരുമാനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ജി.ഒ(പി)128/2002 എൽ.എസ്.ജി.ഡി. തീയതി.25/07/2002 പ്രകാരം എല്ലാ പഞ്ചായത്തുകളും പരസ്യനികുതി ഈടാക്കണമെന്ന് നിർദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5) മറുപടി ലഭിച്ചില്ല അടിയന്തിരമായി ബൈലോ തയ്യാറാക്കി പരസ്യനികുതി പിരിച്ചെടുക്കേണ്ടതാണ്. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-6 ഡി& ഒ ലൈസൻസ് ഫീസ് - ഡി.സി.ബി ശരിയായി കണക്കാക്കിയില്ല

ഡി & ഒ ലൈസൻസ് രജിസ്റ്ററിൽ ഡി,സി.ബി കൃത്യമായി കണക്കാക്കിയിട്ടില്ല. മുൻ വർഷങ്ങളിലെ തുക കൂടി തെറ്റായി രജിസ്റ്ററിൽ ഡിമാന്റായി ഉൾപ്പെടുത്തിയതുമൂലം രജിസ്റ്റർ പ്രകാരം 2015-16 ൽ ലൈസൻസ് ഫീസ് കളക്ഷൻ 15400/- രൂപയും വാർഷിക ധനകാര്യ പത്രിക പ്രകാരം 12750/- രൂപയുമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.5) നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. അപാകത പരിഹരിച്ച് രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-7 കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നൽകാതെ ഒഴിച്ചിട്ടിരിക്കുന്നു - പഞ്ചായത്തിന് വരുമാന നഷ്ടം

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഇല്ലത്ത്മേപ്പുറം, പാറച്ചന്ത, ആലംതുരുത്ത് എന്നിവിടങ്ങളിലായി 3കമ്മ്യൂണിറ്റി ഹാളുകളുണ്ട്. എന്നാൽ ഇവ വാടകയ്ക്ക് നൽകുകയോ ഇവയിൽ നിന്ന് വരുമാനം ലഭിക്കുകയോ ചെയ്യുന്നില്ല. കമ്മ്യൂണിറ്റി ഹാൾ സംബന്ധിച്ച് ബൈലോ പാസ്സാക്കിയതായി രേഖയില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.10.3) നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല.

വെണ്മണി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഇല്ലത്തുമേപ്പുറം കമ്മ്യൂണിറ്റി ഹാളിന് 09/2015 ൽ വൗച്ചർ നം.46/15 തീയതി.23.09.15 പ്രകാരം 5790/- രൂപ കറണ്ട് ചാർജ് അടച്ചിട്ടുണ്ട്. ടി ഹാൾ വാടകയ്ക്ക് നൽകിയതായോ, വാടക ലഭിച്ചതായോ രേഖയില്ല. ഭീമമായ തുക കറണ്ട് ചാർജ് വരാനുണ്ടായ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.10.1) നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള

കമ്മ്യൂണിറ്റി ഹാളുകൾ വാടക ഈടാക്കാതെ പല പൊതു പരിപാടികൾക്കും നൽകുന്നതു മൂലമാണ് കറണ്ട് ചാർജിലെ വർദ്ധനവെന്ന് വ്യക്തമാണ്. കമ്മ്യൂണിറ്റി ഹാൾ വാടക സംബന്ധിച്ച് ബൈലോ പാസ്സാക്കിയിട്ടില്ലെങ്കിൽ അടിയന്തിരമായി ബൈലോ പാസ്സാക്കി അംഗീകാരം വാങ്ങി വാടക ഈടാക്കേണ്ടതും വരുമാന നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

## 2-8 രസീതു ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുകയോ ക്യാൻസൽ ചെയ്ത രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല

2015-16 ൽ ഉപയോഗിച്ച മാന്വൽ രസീതു ബുക്കുകളിൽ (ബുക്ക് നം.28668,28669,28670,28671,28672,28673,28674) സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുകയോ ക്യാൻസൽ ചെയ്ത രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.5.7) നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 2-9 വസ്തുനികുതി കുടിശ്ശിക ലക്ഷങ്ങൾ - നികുതി പിരിവ് കാര്യക്ഷമമല്ല

വസ്തു നികുതിയിനത്തിൽ വാർഷിക ധനകാര്യപത്രിക പ്രകാരം 31/3/2016 ൽ 1881736/- രൂപ (അരിയർ+കറണ്ട്) കുടിശ്ശികയുണ്ടായിരുന്നു. ബി-15 ഷെഡ്യൂൾ പ്രകാരം ഓഡിറ്റ് തീയതിയിലും (30/12/16) 1449864/- കുടിശ്ശിക നിലനിൽക്കുന്നു. പഞ്ചായത്തിൽ നിലവിലുള്ള പഴയ കെട്ടിടങ്ങളുടെ വസ്തു നികുതി പരിഷ്കരണം, ഡേറ്റാ എൻട്രി എന്നിവ നാളിതുവരെ പൂർത്തിയാക്കുകയോ ഡിമാന്റ് സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യുകയോ ചെയ്തിട്ടില്ല. വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.10) നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുത്ത് രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നെൽകൃഷിക്ക് കൂലിച്ചെലവ് - പരമാവധിയിലും അധികമായി ധനസഹായം നല്കി. അധികച്ചെലവ് അംഗീകരിക്കുന്നില്ല

| പ്രോജക്ട് നമ്പർ,പേര് | ചെലവ് തുക | ഫണ്ടിനം | ബിൽ നം:/ തീയതി |
|---|---|---|---|
| S0043/16 നെൽകൃഷിക്ക് കൂലിച്ചെലവ് | 300000 | വികസനഫണ്ട്-എസ്.സി.പി. | 4/15-16 18.03.2016 |

30 ഹെക്ടർ നിലത്തിൽ കൃഷിയിറക്കിയതിന്, കിലോഗ്രാമിന് 39രൂപ നിരക്കിൽ 3000കി.ഗ്രാം. നെൽവിത്ത് വാങ്ങിയതിന് 117000 രൂപയും കൂലിച്ചെലവ് നല്കിയതിന് ഒരു ഹെക്ടറിന് 6100 രൂപ നിരക്കിൽ 183000 രൂപയും ഉൾപ്പടെ 3 ലക്ഷം രൂപ ചെലവഴിച്ചു.

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ (സ.ഉ.(എം.എസ്.) നമ്പർ.362/2013/ത.സ്വ.ഭ.വ.) അനുബന്ധം 16.3.1.3 പ്രകാരം നെൽവിത്തിന് 100% സബ്സിഡി അനുവദിക്കാവുന്നതാണ്. അനുബന്ധം 16.3.1.5 പ്രകാരം നെൽകൃഷിക്ക് കൂലിച്ചെലവ് നല്കുന്നതിന് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 60:15:25 അനുപാതത്തിൽ തുക വകയിരുത്തി ഗ്രാമപ്പഞ്ചായത്തുകളിൽ, പദ്ധതി നടപ്പാക്കേണ്ടതും നടപ്പാക്കേണ്ടതും ഇപ്രകാരം ഒരു ഹെക്ടറിന് 3400/- രൂപ,1100/- രൂപ,1500/- രൂപ എന്ന നിരക്കിൽ പരമാവധി 6000/- രൂപ സബ്സിഡി നല്കാവുന്നതുമാണ്. ഈ വ്യവസ്ഥകൾ പ്രകാരം കൂലിച്ചെലവ് ഇനത്തിൽ 30 ഹെക്ടറിന് 3400രൂപ (60%) നിരക്കിൽ 102000/- രൂപ മാത്രമാണ് ഗ്രാമപ്പഞ്ചായത്ത് വിഹിതം ചെലവഴിക്കാനാവുന്നത്. എന്നാൽ ടി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പാക്കിയതിനാൽ, ഹെക്ടർ ഒന്നിന് 2700/- രൂപ നിരക്കിൽ 81000/- രൂപ ഗ്രാമപ്പഞ്ചായത്തിന് അധികച്ചെലവുണ്ടായി. ഇവിടെ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾക്ക് (1100+1500=2600) പുറമെ 100 രൂപ കൂടി ചേർത്ത് 6100 രൂപയാണ് ഹെക്ടർ ഒന്നിന് എന്ന നിരക്കിൽ കൂലിച്ചെലവ് സബ്സിഡി നല്കിയത്. അനുവദനീയമായതിലും അധികമായി ഗ്രാമപ്പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ച 81000/- രൂപയിൽ ബ്ലോക്ക്,

ജില്ലാ പഞ്ചായത്തുവിഹിതം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകിയ 78000/- (1100+1500 = 2600x30) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സബ്സിഡി മാർഗ്ഗനിർദ്ദേശം ലംഘിച്ച് അധികമായി നൽകിയ 3000/- (30x100) ഓഡിറ്റിൽ അനുവദിക്കുന്നില്ല. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ബഡ്സ് സ്കൂൾ യാഥാർത്ഥ്യമാക്കി കൂടുതൽ മെച്ചപ്പെട്ട സേവനം ഉറപ്പാക്കണം

പഞ്ചായത്തിലെ ശാരീരികമാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വേണ്ടി വെൺമണി ഗവ.ജെ.ബി.സ്കൂളിനോട് അനുബന്ധിച്ച് ഒരു പ്രത്യേകകേന്ദ്രം നിലവിൽ പ്രവർത്തിച്ചു വരുന്നു. ഇതിന് വേണ്ടി സങ്കലിത വിദ്യാഭ്യാസം എന്ന പേരിൽ പ്രോജക്ട് പഞ്ചായത്ത് നടപ്പാക്കിയത് പ്രകാരം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഒരു ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം നല്കുന്നതിനും സാധിക്കുന്നു. പഞ്ചായത്ത് തുക ചെലവഴിക്കുന്നതിന് പുറമെ മറ്റു ആവശ്യങ്ങൾ സ്പോൺസർഷിപ്പിലൂടെയാണ് നിറവേറ്റുന്നത്. ഈ സംരംഭം കൂടുതൽ മികച്ച രീതിയിൽ പ്രവൃത്തിച്ചാൽ മാത്രമേ ഭിന്നശേഷിക്കാരായുള്ളവർക്ക് അവരുടെ കഴിവുകൾ വികസിപ്പാക്കാനാകൂ. ശാരീരികമാനസികവെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹായത്തോടെ 29.09.2009] ലെ സ.ഉ.(എം.എസ്.) 148/2009/ത.സ്വ.ഭ.വ. ഉത്തരവ് പാലിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബഡ്സ് സ്കൂൾ സ്ഥാപിക്കാവുന്നതാണ്. ബഡ്സ് സ്കൂൾ എന്ന നിലയിൽ പ്രവർത്തിക്കുമ്പോൾ പൊതുവിദ്യാഭ്യാസവകുപ്പ് അനുവദിക്കുന്ന പ്രത്യേക ഗ്രാന്റ്, മറ്റ് സഹായങ്ങൾ എന്നിവ കൂടി ലഭിക്കുന്നതാണ്. പരമാവധി ഫണ്ട് ലഭ്യമാക്കി ശാരീരികമാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് കൂടുതൽ മികച്ച സഹായങ്ങൾ നല്കുന്നതിന് പഞ്ചായത്ത് ഭരണസമിതി പ്രത്യേക ശ്രദ്ധ നല്കേണ്ടതാണ്.

## 3-3 രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു

| പ്രോജക്ട് നമ്പർ,പേര് | ചെലവ് തുക | ഫണ്ടിനം | ബിൽ നം:/ചെക്ക് നം:/തീയതി |
|---|---|---|---|
| S0010/16 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 182400 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7/15-16 18.03.2016 |
| | 100000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2328308/ 13.08.2015 |
| | 50000 | ജില്ലാ പഞ്ചായത്ത് വിഹിതം | |

ശാരീരികമാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നല്കുന്നതിന് വേണ്ടി പിൻവലിച്ച 182400/- രൂപ അർഹമായ രീതിയിൽ 40 പേരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. ഐ.സി.ഡി.എസ്. സൂപ്പർവൈസർ കൈപ്പറ്റിയിട്ടുള്ള ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വിഹിതത്തിന്റെ ചെലവ് രേഖകൾ ഹാജരാക്കാതിരുന്നതിനെത്തുടർന്ന് 31.12.2016ലെ 8-ാം നമ്പർ ഓഡിറ്റ് അന്വേഷണം നല്കിയെങ്കിലും രേഖകൾ ഓഡിറ്റിന് ലഭിച്ചില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ 150000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 കിണർ നിർമ്മാണം (എസ്സ്.സി.പി.)പ്രോ.നം.S0200/16.സർക്കാർ നിശ്ചയിച്ചതിലും അധികരിച്ച നിരക്കിൽ സബ്സിഡി അനുവദിച്ചു

സർക്കാർ ഉത്തരവ് (എം.എസ്സ്.)നം.362/2013/ത.സ്വ.ഭ.വ./16.11.2013, അനുബന്ധം 16 ക്രമ നം 3(5) 1 ലെ വ്യവസ്ഥ കളനുസരിച്ച് കിണർ നിർമ്മാണത്തിന് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്ന പരമാവധി സബ്സിഡി 17,000/- രൂപയാണ് (ഇടനാട്). എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് 17,500.രൂ

ക്രമത്തിൽ സബ്സിഡി നൽകിയിരിക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് വിവരം | സബ്സിഡിയായി കൈപ്പറ്റിയ തുക | അനുവദനീയം | അധികമായി കൈപ്പറ്റിയ തുക | ചെലവുവിവരം |
|---|---|---|---|---|---|
| 1. | ബിന്ദു,സി, അമൽഭവനം,വാർഡ്.6 | 17,500.രൂ. | 17,000.രൂ. | 500.രൂ. | 598188/ 25.02.16 |
| 2. | ജയപ്രകാശ്, പുത്തൻകണ്ടത്തിൽ, വാർഡ്.11 | 17,500.രൂ. | 17,000.രൂ. | 500.രൂ. | 5781005/ 25.02.16 |
| 3. | ശാന്തമ്മ,വല്യകണ്ടത്തിൽ, വാർഡ്.13. | 17,500.രൂ. | 17,000.രൂ. | 500.രൂ. | 598006/ 26.02.16. |
| 4. | ഉഷാസതീശൻ,സ്നേഹ ഭവനം, വാർഡ്.15. | 17,500.രൂ. | 17,000.രൂ. | 500.രൂ. | 598008/ 26.02.16 |
| 5. | രത്നമ്മ ദിവാകരൻ, ദിവ്യാഭവനം, വാർഡ്.11. | 17,500.രൂ. | 17,000.രൂ. | 500.രൂ. | 598007/ 26.02.16 |
| 6. | തങ്കമ്മവിദ്യാധരൻ, വിദ്യാഭവനം, വാർഡ്.11. | 17,500.രൂ. | 17,000.രൂ. | 500.രൂ. | 606085/ 18.03.16 |
| 7. | ശശിധരൻ.ടി.കെ, സന്ധ്യാഭവനം, വാർഡ്.1 | 17,500.രൂ. | 17,000.രൂ. | 500.രൂ. | 607185/ 2.04.16 |
| 8. | ഭാസ്കരൻ, കൊട്ടാരത്തിൽ വടക്കതിൽ, വാർഡ്.12. | 17,500.രൂ. | 17,000.രൂ. | 500.രൂ. | 607176/ 2.04.16. |
| 9. | ചന്ദ്രമതി, കന്നുവെട്ടിൽ, വാർഡ്.4 | 17,500.രൂ. | 17,000.രൂ. | 500.രൂ. | 607182/ 2.04.16 |
| 10. | സി.സി.ഗോപാലൻ, ചെങ്കിലാത്ത്,വാർഡ്.2 | 17,500.രൂ. | 17,000.രൂ. | 500.രൂ. | 607188/ 2.04.16 |
| 11. | സന്തോഷ്കമാർ.ടി, വട്ടപ്പറമ്പിൽ, വാർഡ്.13. | 17,500.രൂ. | 17,000.രൂ. | 500.രൂ. | 607178/ 2.04.16 |
| 12. | ശ്രീനിവാസൻ, കളമശ്ശേരിൽ, വാർഡ്.5 | 17,500.രൂ. | 17,000.രൂ. | 500.രൂ. | 607219/ 2.04.16 |
| 13. | സോമരാജൻ, പാലമൂട്ടിൽ വടക്കതിൽ, വാർഡ്.6 | 17,500.രൂ. | 17,000.രൂ. | 500.രൂ. | 607797/ 5.04.16 |
| 14. | ഭാർഗ്ഗവി, ഉതിനിൽക്കും തറയിൽ, വാർഡ്. 14 | 17,500.രൂ. | 17,000.രൂ. | 500.രൂ. | 607763/ 5.04.1. |
| ആകെ | | | | 7,000.രൂ. | |

ഈ തുക സബ്സിഡി മാനദണ്ഡങ്ങൾ പരിഗണിക്കാതെ വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ച അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.അനിൽ കുമാർ. പി.കെയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാത്തത് - അപാകത

01. 02 .2012 മുതൽ പ്രാബല്യത്തിലുള്ള കേരള പൊതുമരാമത്ത് വകുപ്പ് മാനുവലിലെ സെക്ഷൻ 2116-1 പ്രകാരം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നില്ലങ്കിൽ കാലവിളംബം ഉണ്ടാകുന്ന ഓരോ ആഴ്ചയ്ക്കും 0.1% ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കണം. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2015 – 16 വർഷം നിർവ്വഹിക്കപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ലായെന്ന് ഫയലുകൾ പരിശോധിച്ചതിൽ

നിന്നും വ്യക്തമാകുന്നു. പ്രവൃത്തികൾ കരാർ കാലയളവിനുള്ളിൽ പൂർത്തീകരിക്കാഞ്ഞത് നിർവ്വഹണത്തിലെ സാങ്കേതിക പ്രശ്നങ്ങൾ മൂലമോ എസ്റ്റിമേറ്റിലോ മറ്റുമുണ്ടായ മാറ്റങ്ങൾ മൂലമോ അല്ല സംഭവിച്ചിട്ടുള്ളതെന്നും ഫയലിൽ നിന്നും വ്യക്തമാകുന്നുണ്ട്.

ലിക്വിഡേറ്റഡ് ഡാമേജസ്

ആയതിനാൽ ടി പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്ന ലിക്വിഡേറ്റഡ് ഡാമേജസ് താഴെപ്പറയുന്നു.

| പ്രവൃത്തി, കരാർ നം. കരാറുകാരൻ, എം.ബുക്ക് നം, പി.എ.സി. | കരാർ/കരാർ രജിസ്റ്റർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ട ലിക്വിഡേറ്റഡ് ഡാമേജസ് | ചെലവു വിവരം |
|---|---|---|---|---|
| കുറ്റിമൂക്ക്-താഴേപ്പടി റോഡ് റീടാറിംഗ്.A20/AE/14-15/ 16.12.14. സി.പി. മുരളീധരൻനായർ, 390/14-15. 200,000. | 3 മാസം.15.03.15. | 4.5.15. 7 ആഴ്ച | 200000x0.1/100x7 = 1400 | 4/15/16.7.15 - 197,018 - |
| വല്യത്തുപടി – കൊച്ചുവീട്ടിൽ പ്പടി റോഡ് ടാറിംഗ്. A11/AE/14-1/ 15.12.14. ഏ.ജി.ജോൺ.397/14-15. 275,000. | 3 മാസം. 14.03.15 | 13.5.15. 9 ആഴ്ച | 275000x0.1%x9 =2475 | 12/15/16.9.15 - 270,593 |
| ആകെ 3875 | | | | |

ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കാതെ ബിൽ തുക നൽകിയതു മൂലമുള്ള അധികം തുക ഓഡിറ്റിൽ അനുവദിക്കുന്നില്ല. ടി തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 വീട് അറ്റകുറ്റപ്പണി പ്രോ.നം.S0018/16 & S0029/16 നിശ്ചിത കാലപ്പഴക്കമില്ലാത്ത കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിക്ക് സാമ്പത്തികസഹായം നൽകി

സർക്കാർ ഉത്തരവ് (എം.എസ്സ്.)നം.362/2013/ത.സ്വ.ഭ.വ./16.11.2013, അനുബന്ധം 16 ക്രമ നം. 3(6) 5 ലെ വ്യവസ്ഥകളനുസരിച്ച് പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ വീട് അറ്റകുറ്റപ്പണിക്ക് ധനസഹായത്തിനർഹതയുള്ളൂ. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വികസന ഫണ്ടിൽ നിന്നും സാമ്പത്തിക സഹായം അനുവദിച്ച നൽകിയ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ കെട്ടിടങ്ങൾക്ക് നിശ്ചിത കാലപ്പഴക്കമില്ലായെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ കാണുന്നു.

| ക്രമ | ഗുണഭോക്താക്കളുടെ പേര് | കെട്ടിടത്തിന്റെകാലപ്പഴക്കം. | ചെലവുവിവരം | ഉത്തരവാദിയായ |
|---|---|---|---|---|

| നം. | വിവരം | (ഓണർഷിപ്പ് സർട്ടിഫിക്കറ്റ് പ്രകാരം) | (ഡ.ഡി.നം, തീയതി) | ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1. | ചന്ദ്രവതി,തടത്തിൽവടക്കതിൽ.(കെട്ടിടഉടമ ശ്രീ.കൊച്ചു ചെറുക്കൻ) | 6 വർഷം.(നം.എ.3 -204/16 തീയതി 24.1.16 നം. സർട്ടിഫിക്കറ്റ് പ്രകാരം കെട്ടിടം അസ്സസ്സ് ചെയ്യത് 2009-10ൽ. കെട്ടിട നം.8/193A. | 598187./25.2.16.<br>25,000/-രൂപ | പി.കെ.അനിൽകുമാർ, അസി.സെക്രട്ടറി |
| 2. | പൊന്നമ്മ.കെ.പി.ആല്യംഉരുത്ത് ലക്ഷം വീട്.(കെട്ടിടഉടമ ശ്രീ. ബാബു.ടി.കെ) | 6 വർഷം.(നം.എ.6-1032/16 തീയതി 22.2.16 നം സർട്ടിഫിക്കറ്റ് പ്രകാരം കെട്ടിടം അസ്സസ്സ് ചെയ്യത് 2009-10.ൽ.കെട്ടിട നം.5/230A. | 598910./18.03.16.<br>25,000.രൂ. | ,, |
| 3. | എം.സി.രവീന്ദ്രൻ. മാറോണിൽ. | ഗ്രാമപഞ്ചായത്തിലെ നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം നിർമ്മാണം പൂർത്തീകരിച്ച് നികുതിനിർണ്ണയം നടത്തിയിരിക്കുന്നത് 2015–16 വർഷത്തിലാണന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്.(കെട്ടിട നം.15/ 241A) | 607637./2.4.16.<br>25,000.രൂ. | ,, |
| 4. | ലേഖ,രഞ്ചുഭവനം. | ഗ്രാമപഞ്ചായത്തിലെ നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം നിർമ്മാണം പൂർത്തീകരിച്ച് നികുതിനിർണ്ണയം നടത്തി യിരിക്കുന്നത് 2011–12 വർഷത്തിലാണന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്.(കെട്ടിട നം.8/476 B.) | 607180/2.4.16.<br>25,000.രൂ. | പി.കെ.അനിൽകുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| 5 | സുലോചന,ആല്യംഉത്തിൽ കിഴക്കതിൽ.(കെട്ടിട ഉടമ കുഞ്ഞുമോൻ) | 1 വർഷം.(നം.എ.3-3/15 തീയ്യതി 31.1.15 നം സർട്ടിഫിക്കറ്റ് പ്രകാരം കെട്ടിടം അസ്സസ്സ് ചെയ്യത് 2014-15ൽ. കെട്ടിട നം.2/442 B | 755212./17.07.15.<br>25,000.രൂ. | പി.ഹരീഷ് കുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| 6 | സോമരാജൻ, ദേവകി തുണ്ടിയിൽ, കോട്ടുകളഞ്ഞി കരോട് | കാലപ്പഴക്കം ഇല്ല. നം.9/399C (27.11.2015 ലെ എ.3-5414/ 15 നമ്പർ | ചെലവുവിവരം (ഡി.ഡി.നം.തീയതി) | റ്റി.കെ.സുനിൽ വി.ഇ.ഒ |

| | | | | |
|---|---|---|---|---|
| | | സർട്ടിഫിക്കറ്റ് പ്രകാരം കെട്ടിടം അസ്സസ്സ് ചെയ്തത് 2015-16 ൽ ആണ് | | |
| 7 | ഫിലിപ്പോസ്.എം.ജെ., മേപ്പള്ളിതെക്കതിൽ, വെണ്മണി | 4 വർഷം, കെട്ടിട നം.12/437/B (09.10.2015 ലെ എ.3-4773/16 നം. സർട്ടിഫിക്കറ്റ് പ്രകാരം കെട്ടിടം അസ്സസ്സ് ചെയ്തത് 2011-12 ൽ ആണ്) | 878252/04.01.16. 25,000.രൂ. | |
| 8 | രത്നകുമാരിയമ്മ, കിണറുവിളയിൽ കോട്ടുകുളഞ്ഞി കരോട് | 1 വർഷം. (നം.എ.3 -4702/16 തീയ്യതി:08.10.2015 സർട്ടിഫിക്കേറ്റ് പ്രകാരം കെട്ടിടം അസ്സസ്സ് ചെയ്തത് 2014-15 ൽ ആണ് നം.9/195C. | 878258 /04.01.16. 25,000.രൂ. | |
| ആകെ | | | 200000/- | |

വിശദീകരണമാവിശ്യപ്പെട്ടനൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4) നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ ഗുണഭോക്താവിനെ ഗ്രാമസഭയിൽ തെരഞ്ഞെടുത്തതാണെന്നും നിയമപ്രകാരമുള്ള കരാർ വെച്ചാണ് നിർമ്മാണം നടത്തിയതെന്നും കെട്ടിടത്തിന് അറ്റകുറ്റപ്പണി ആവശ്യമായതിനാലാണ് തുക അനുവദിച്ചതെന്നും അറിയിച്ചിട്ടുണ്ട്. ഈ മറുപടി താഴെപ്പറയുന്ന കാരണങ്ങൾ കൊണ്ട് അംഗീകരിക്കത്തക്കതല്ല.

ഗ്രാമസഭ ഒരു വ്യക്തിയെ ഗുണഭോക്താവായി അംഗീകരിച്ചതുകൊണ്ട് മാത്രം അയാൾ പദ്ധതി സഹായത്തിനർഹനാകുന്നില്ല. കെട്ടിട നിർമ്മാണം പൂർത്തീകരിച്ചാൽ ഉടൻ തന്നെ നികുതി നിർണ്ണയം നടത്തിക്കേണ്ടത് കെട്ടിടമുടമയുടെ ആവശ്യമാണ്. ആയത് ചെയ്യാത്ത സാഹചര്യത്തിൽ നികുതി നിർണ്ണയം നടത്തുന്ന വർഷം മുതൽക്കുള്ള കാലപ്പഴക്കമേ കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വികസന ഫണ്ടിൽനിന്നും ചെലവഴിച്ച 200000/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-7 <u>വിവിധ വാർഡുകളിലെ ടാറിംഗ്/റീ ടാറിംഗ് പ്രവൃത്തികൾ - ടാർ വീപ്പയുടെ വില ഈടാക്കിയില്ല</u>

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടപ്പാക്കിയ റോഡ് ടാറിംഗ്/റീ ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് ഡി.എ.ആർ/ഡി.എസ്സ്.ആറിൽ നിർണ്ണയിച്ച നിരക്കു പ്രകാരമാണ്. ടാറിംഗ്/റീടാറിംഗ് പ്രവൃത്തികൾക്കുള്ള VG – 10പാക്കഡ് ബിറ്റുമിന്റെ വിലയാണ് ഡി.എ.ആർ/ഡി.എസ്സ്.ആറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതനുസരിച്ച് പ്രവൃത്തിക്കാവശ്യമായ ബിറ്റുമിൻ ഉപയോഗിച്ചതിന് ശേഷം അവശേഷിക്കുന്ന ടാർ വീപ്പ പഞ്ചായത്തിനുള്ളതായതിനാൽ ആയതിന്റെ വില (238/ബാരൽ) കരാറുകാരനിൽ നിന്നും ഈടാക്കുകയോ ഒഴിഞ്ഞ ബാരൽ സ്റ്റോക്കിലെടുത്ത് സൂക്ഷിച്ച് ലേലം നടത്തി വില്ക്കുകയോ ചെയ്യേണ്ടതായുണ്ട്. എന്നാൽ ഇതൊന്നും തന്നെ ഗ്രാമപഞ്ചായത്തിൽ പാലിച്ചിട്ടില്ല. ആയതിനാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നുമുള്ള ടാർ ബാരൽ വിലയായി അതതിനു നേരെ കാണിച്ചിരിക്കുന്ന രീതിയിൽ (വാറ്റുൾപ്പെടെ) ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

| ക്രമ നം | പ്രവൃത്തിയുടെപേര് വിവരം. അളവ് പുസ്തക നമ്പർ | ആകെ ഉപ യോഗിച്ച ബിറ്റുമിൻ | ഈടാക്കേണ്ട വില(238/ബാരൽ) | ഈടാക്കേണ്ട വാറ്റ് (5%) | ചെലവു വിവരം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | കുറ്റിമുക്ക് - താഴേപ്പടി റോഡ് റീ ടാറിംഗ്. നം.390/14-15 | 1532.93.kg. 10 ബാരൽ | 2380 | 119 | 4/16.7.15 - 197,018 |
| 2. | ആലം തുരുത്ത് കോളനി റോഡ് മെയിന്റനൻസ്. 388/14-15. | 836.20.kg. 5 ബാരൽ | 1190 | 60 | 9/16.7.15 - 154,323 |
| 3. | ചെറുതിട്ടപ്പടി മൈതാനം റോഡ് റീടാറിംഗ്.392/14-15. | 1009.73.kg. 6 ബാരൽ | 1428 | 71 | 8/16.7.15 - 131,563 |
| 4. | മിൽമ ജംഗ്ഷൻ – മൈതാനം റോഡ് റീ ടാറിംഗ്.394/14-15. | 777.72.kg. 5 ബാരൽ | 1190 | 60 | 10/16.7.15 - 154,323 |
| 5. | ചെറുവേലിൽപ്പടി- ആയ്യൂർവേദാ ശുപത്രി റോഡ് റീ ടാറിംഗ്. 63/15-15. | 1439.95 kg. 9 ബാരൽ | 2142 | 107 | 65/28.3.16 - 203,346 |
| 6. | പെരുംകുഴി റോഡ് റീ ടാറിംഗ്. 32/15 – 16. | 854.84.kg. 5 ബാരൽ | 1190 | 60 | 66/28.3.16 - 110,022 |
| 7. | ചരിവുപറമ്പിൽ വലിയമൂല റോഡ് ടാറിംഗ്.59/15 – 16. | 963.6.kg. 6 ബാരൽ | 1428 | 71 | 67/26.3.16 - 251,321 |
| 8. | പള്ളിപ്പുറം കോളനി റോഡ് ടാറിംഗ്.62/15-16 | 657.kg. 4 ബാരൽ | 952 | 48 | 62/28.3.16 - 308,313 |
| 9. | കുഴിമണൽപടീറ്റതിൽപ്പടി കോമ്പ്ര യാറ്റ് പടി റോഡ്. 64/15 -16 | 1138.8.kg. 7ബാരൽ | 1666 | 83 | 61/28.3.16 - 328,264 |
| 10. | ചെറുതിട്ടപ്പടി - മൈതാനം റോഡ് റീ ടാറിംഗ്.52/15 – 16 | 770.23.kg. 5 ബാരൽ | 1190 | 60 | 60/16.03.16 - 229,318 |
| 11. | ചെറിയാല്വംമൂട് – കൊച്ചുമുറിക്കാവ് റോഡ്.47/15 -16 | 1499.20.kg. 10 ബാരൽ | 2380. | 119 | 56/16.3.16 - 449,154 |
| 12. | കോഴശ്ശേരിപ്പടി - ഇറവത്തറപ്പടി റോഡ്. 48/2015 -16.,23/15-16 | 2984.60.kg. | 4522 | 226 | 54/16.3.16 |

| | | | | | |
|---|---|---|---|---|---|
| | | 19.ബാരൽ | | | - 434,379 |
| 13. | മിൽമ ജംഗ്ഷൻ – മൈതാനം റോഡ്. 53/15 – 16 | 948.83.kg.<br>6 ബാരൽ | 1428 | 71 | 51/16.3.16<br>- 154,837 |
| 14. | തെങ്ങിൽപ്പടി - ഇടയോടിപ്പടി റോഡ് ടാറിംഗ്. 68/15 – 16 | 858.48.kg.<br>5 ബാരൽ | 1190 | 60 | 62/28.03.16<br>- 308,313 |
| 15. | കള്ളോട്ടുപടി - മണ്ണാറമൂല റോഡ് . 31/15 – 16 | 1270.2.kg.<br>8 ബാരൽ | 1904 | 95 | 63./23.3.16<br>- 288,483 |
| 16. | പൊയ്കമുക്ക്കല്ലോരത്തിനാൽപ്പടി റോഡ് റീ ടാറിംഗ്.37/15 – 16 | 2609.41.kg.<br>17 ബാരൽ | 4046 | 202 | 42/27.2.16.<br>- 295,400 |
| 17. | പുതിയമഠത്തിൽപ്പടി റോഡ് റീ. ടാറിംഗ്.39/15 – 16 | 1170.9.kg.<br>8 ബാരൽ | 1904 | 95 | 41/27.02.16<br>- 183,603 |
| 18. | വരിക്കോലത്ത്പടി പുളിക്കൽപടി റോഡ് റീ.ടാറിംഗ്.30/15-16 | 1208.08.kg.<br>8 ബാരൽ | 1904 | 95 | 40/26.2.16<br>- 219,778 |
| 19. | മാമ്പാലപ്പടി പാലമൂട്ടിൽപ് പടി റോഡ് റീടാറിംഗ്. 29/15 – 16 | 2355.24.kg.<br>15 ബാരൽ | 3570 | 179 | 39/26.2.16<br>- 398,158 |
| 20. | വാക്കേൽക്കടവ് മേന്നിലം റോഡ് ടാറിംഗ്. 71/15 – 16 | 1138.8.kg.<br>7 ബാരൽ | 1666 | 83 | 85/31.3.16<br>- 183,022 |
| 21. | കുറ്റിമുക്ക് - അമ്പിമുക്ക് റോഡ് റീ ടാറാംഗ്. 34/15 – 16 | 1837.10.kg.<br>12 ബാരൽ | 2856 | 143 | 43/27.2.16<br>- 258,300 |
| 22. | തെങ്ങിൽപടി റോഡ് ടാറിംഗ്. 36/15- 16. | 805.92.kg.<br>5 ബാരൽ | 1190 | 60 | 45/27.2.16<br>- 349,623 |
| 23. | പുത്തൻകണ്ടത്തിൽപ്പടി-വിഷ്ണവത്തിൽപ്പടി റോഡ് 19/15 – 16 | 1245.23.kg.<br>8 ബാരൽ | 1904 | 95 | 32/20.2.16.<br>- 169,171 |
| 24. | കൊല്ലന്റെപടി മാതേക്കാട്ടിൽ റോഡ് റീ ടാറിംഗ്. 22/15 – 16 | 1066.12.kg.<br>7 ബാരൽ | 1666 | 83 | 29/20.2.16<br>- 165,064 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 25. | ദൈവത്തുംമൂട്ടിൽ- കൊളുത്താപ്പുള്ളിൽ റോഡ്.38/ 15 – 16. | 762.12.kg.<br>5 ബാരൽ | 1190 | 60 | 46/27.2.16<br>- 198,774 |
| 26. | പള്ളിപ്പുറം കോളനി റോഡ് റീ ടാറിംഗ്. 13/ 15-16. | 2234.51.kg.<br>14 ബാരൽ | 3332 | 167 | 24/20.1.16<br>- 330,638 |
| 27. | പുല്ലുപ്പള്ളിപ്പടി മാമ്പ്രപ്പാടം റോഡ് റീ ടാറിംഗ്. 12/ 15- 16 | 1723.30.kg.<br>11 ബാരൽ | 2618 | 131 | 25/20.1.16<br>- 236,509 |
| 28. | പൂവനേത്ത്കോളനി റോഡ് റീ ടാറിംഗ്. 21/ 15-16 | 1155.43.kg.<br>7 ബാരൽ | 1666 | 83 | 26/30.1.16<br>- 188,000 |
| 29. | പുളിക്കൽപടി പൂവക്കാട്ടിൽ പടി റോഡ് റീ ടാറിംഗ്. 25/ 15 – 16 | 1539.38.kg.<br>10 ബാരൽ | 2380 | 119 | 30/20.2.16<br>- 251,014 |
| 30. | വല്യത്തുപടി കൊച്ചുവീട്ടിൽപ്പടി റോഡ് ടാറിംഗ്. 397/14 -15 | 1261.44.kg.<br>8 ബാരൽ | 1904 | 95 | 12/16.09.15<br>- 270,593 |
| 31. | മല്ലശ്ശേരിൽപ്പടി തയ്യിലേത്തുപടി റോഡ്. 27/15 – 16 | 1404.52.kg<br>9 ബാരൽ | 2142 | 107 | 35/20.02.16<br>- 322,016 |
| ആകെ | | | 62,118 | 3107 | |

## 3-8 കെട്ടിട നമ്പർ നൽകിയില്ല – കേസ് നടത്തിപ്പിന് അധിക ചെലവ്

വെണ്മണി ഗ്രാമപഞ്ചായത്ത് പരിധിയിൽ ശ്രീമതി. ശ്രീജ ബാബു എന്നയാൾ വ്യാവസായിക ആവശ്യത്തിന് കെട്ടിടം നിർമ്മിക്കാൻ 7/03/14ൽ പെർമിറ്റിന് അപേക്ഷിക്കുകയും യഥാസമയം പെർമിറ്റ് ലഭിക്കാതിരുന്നതിനെതുടർന്ന് ബഹു.കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും (നം. WP(C)9174/2014) 1 ഉം 2 ഉം എതിർ കക്ഷികളായ വെണ്മണി ഗ്രാമപഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർ കേസിൽ യഥാസമയം ഹാജരാകാതിരുന്നതിനെ തുടർന്ന് ശ്രീമതി. ശ്രീജ ബാബുവിന് അനുകൂലമായി എക്സ് പാർട്ടി വിധി ലഭിക്കുകയുമുണ്ടായി. ടി വിധിയുടെ അടിസ്ഥാനത്തിൽ പെർമിറ്റ് ലഭിച്ച ടി കെട്ടിടത്തിന് കെട്ടിട നമ്പർ യഥാസമയം നൽകാതിരുന്നതിനെ തുടർന്ന് ടി കക്ഷി ബഹു.കേരള ഹൈക്കോടതിയിൽ വീണ്ടും ഫയൽ ചെയ്ത കേസിൽ (WP(C) No.30577/2015(v)) കൗണ്ടർ അഫിഡവിറ്റ് സമർപ്പിക്കുകയും വക്കീൽ ഫീസിനത്തിൽ 4000/-രൂപ ചെലവഴിക്കുകയും (വൗച്ചർ നം.26/15 തീയതി.4/12/15) ചെയ്തെങ്കിലും കക്ഷിക്കനുകൂലമായി കെട്ടിട നമ്പർ നൽകാൻ 8/02/2016 ൽ വിധിയുണ്ടാവുകയും ചെയ്തു. ടി വിഷയം സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വെണ്മണി വില്ലേജ് ഓഫീസറുടെ 25/02/2014 ലെ പൊസ്സഷൻ സർട്ടിഫിക്കറ്റ് പ്രകാരം സർവെ നം.28/14, ബ്ലോക്ക് നം.15 ൽ പെട്ട പ്രസ്തുത ഭൂമി കരഭൂമിയാണെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടും യഥാസമയം പെർമിറ്റ് നൽകിയില്ല

2. പെർമിറ്റ് കേസിൽ കോടതിയിൽ യഥാസമയം ഹാജരാകാതെയിരുന്നതിനാൽ എക്സ് പാർട്ടി വിധി വരാനുണ്ടായത് പഞ്ചായത്തിന് സംഭവിച്ച വീഴ്ചയാണ്.
3. കോടതി പെർമിറ്റ് അനുവദിച്ച കെട്ടിടത്തിന് യഥാസമയം നമ്പർ നൽകാതെ കേസ് നീട്ടിക്കൊണ്ടുപോയത് അധിക ചെലവിനിടയാക്കി.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായ നിർമ്മാണമല്ലാതിരുന്നിട്ടും പെർമിറ്റ് യഥാസമയം നല്കാതിരുന്നതും കേസിൽ യഥാസമയം ഹാജരാകാതിരുന്നതും ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പെർമിറ്റ് ലഭിച്ച ടി കെട്ടിടത്തിന് കെട്ടിട നമ്പർ യഥാസമയം നൽകാതിരുന്നതും വഴി വക്കീൽ ഫീസിനത്തിൽ 4000/- രൂപയുടെ അധിക ചെലവ് ഉണ്ടായതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12) ടി ഭൂമിയുടെ സമീപത്തുള്ള വഴി നിലം നികത്തു ഭൂമിയായതിനാലാണ് പെർമിറ്റ് നൽകാതിരുന്നത് എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-9 പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക വേണ്ടി മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

| പദ്ധതിയുടെ നമ്പർ , പേര് | ഫണ്ടിനം | ചെലവ് തുക |
|---|---|---|
| S0015/16 , സ്വാന്തനപരിചരണം | വികസനഫണ്ട് പൊതുവിഭാഗം | 281446 |

ടി പ്രോജക്ട് പ്രകാരം, പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് വേണ്ടി മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് 119396/- രൂപ (ബിൽ നം.6/15-16 തീയതി: 23.12.2015) കാരുണ്യ മെഡിക്കൽ കോർപ്പറേഷന് നല്കിയതിൽ 71307 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. സ്വാന്തനപരിചരണം ആവശ്യമുള്ളവർക്ക് നല്കേണ്ട മരുന്നുകൾ പണം മുൻകൂർ നൽകിയിട്ടും ലഭ്യമാകാത്തത് ഗൗരവകരമായി വീക്ഷിക്കേണ്ട വസ്തുതയാണ്. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അടിയന്തിരമായി ഇടപെടേണ്ടതും ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ലഭ്യമാകാത്ത മരുന്നിന്റെ വിലയായി നൽകിയ തുക 48089/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 ക്ഷേമപെൻഷൻ വിതരണം - അപാകതകൾ

(1)പെൻഷൻ തിരിച്ചടച്ച ഒന്നിലേറെ പെൻഷൻ വാങ്ങിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

വിവിധ ഇനങ്ങളിലായി ഒന്നിലേറെ ക്ഷേമപെൻഷനുകൾ വാങ്ങുകയും സർക്കാർ ഉത്തരവിനെ തുടർന്ന് 2015-16 ൽ വാങ്ങിയ ഏതെങ്കിലും ഒരു പെൻഷൻ തിരിച്ചടക്കുകയും ചെയ്ത ഗുണഭോക്താക്കളുടെ പൂർണ്ണ ലിസ്റ്റ്, ഇവർ ഒരു പെൻഷൻ തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾ, ട്രഷറിയിൽ ഒടുക്കിയ രേഖകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13.1) മറുപടി ലഭിച്ചില്ല

(2)മണി ഓർഡർ റിട്ടേൺ തുക ട്രഷറിയിൽ ഒടുക്കിയ ചെലാൻ ഹാജരാക്കിയില്ല

താഴെപ്പറയുന്ന മണി ഓർഡർ റിട്ടേൺ ട്രഷറിയിൽ ഒടുക്കിയ ചെലാന്റെ അസ്സൽ പരിശോധനക്കായി ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13.2) മറുപടി ലഭിച്ചില്ല.

| ക്രമ നം. | പെൻഷൻ ഇനം | പേര് | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | കർഷക തൊഴിലാളി | പൊടിയമ്മ | 1800/- | എം.ഒ റിട്ടേൺ രജിസ്റ്റർ പേജ് 79 |

| | | | | |
|---|---|---|---|---|
| | പെൻഷൻ | | | |

(3)ചെലാനിൽ തീയതി തിരുത്തുകയും സീക്വൻസ് നമ്പർ തെറ്റായി രേഖപ്പെടുത്തുകയും ചെയ്തു

താഴെപ്പറയുന്ന വിവിധ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കളുടെ മണി ഓർഡർ റിട്ടേൺ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. മണി ഓർഡർ റിട്ടേൺ രജിസ്റ്ററിൽ ട്രഷറിയിൽ തിരിച്ചടച്ച ചെലാന്റെ അസ്സലിനു പകരമായി പകർപ്പ് മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ഹാജരാക്കിയ ചെലാനിൽ തീയതി തിരുത്തിയിട്ടുള്ളതായും സീക്വൻസ് നമ്പർ തെറ്റായി രേഖപ്പെടുത്തിയതായും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13) ട്രഷറിയിൽ തിരിച്ചടച്ച ചെലാന്റെ അസൽ നഷ്ടപ്പെട്ടുപോയതിനാൽ ചെങ്ങന്നൂർ എസ്.ബി.റ്റിയിൽ നിന്നും ചെലാന്റെ ഫോട്ടോകോപ്പി വാങ്ങി സൂക്ഷിച്ചതാണെന്നാണ് മറുപടി ലഭിച്ചത്.

| ക്രമ നം. | തീയതി | പെൻഷൻ ഇനം | തുക | സീക്വൻസ് നം. | ശ്രദ്ധയിൽപ്പെട്ട അപാകത |
|---|---|---|---|---|---|
| 1 | 20.8.16 | വിധവ പെൻഷൻ | 2600/- | 123/20.8.16 | ചെലാൻ ഫോട്ടോ കോപ്പി |
| 2 | 20.8.16 | വാർദ്ധക്യകാല പെൻഷൻ | 9600/- | 122/20.8.16 | ചെലാൻ ഫോട്ടോ കോപ്പി യിൽ തിരുത്തൽ |
| 3 | 30.8.16 | „ | 2000/- | 42/30.8.16 | തെറ്റായ സീക്വൻസ് നമ്പർ, ചെലാൻ തിരുത്തൽ |
| 4 | 30.8.16 | „ | 8400/- | 120/30.8.16 | ചെലാൻ തിരുത്തൽ |
| | | ആകെ | 22600/- | | |

ക്രമ നമ്പർ 3, 4 ചെലാനുകൾ ഒരേ ദിവസം ട്രഷറിയിൽ ഒടുക്കിയതാണെങ്കിലും സീക്വൻസ് നമ്പറിൽ വലിയ അന്തരം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13.3) മറുപടി ലഭിച്ചില്ല. അസ്സൽ രേഖകളുടെ അഭാവത്തിൽ പഞ്ചായത്തിൽ ലഭിച്ച തുകകളെല്ലാം ട്രഷറിയിൽ കൃത്യമായി ഒടുക്കിയതിന്റെ ട്രഷറി, ബാങ്ക് സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതും സുതാര്യത ഉറപ്പുവരുത്തേണ്ടതുമാണ്. ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 തൊഴിൽ രഹിത വേതനം - രജിസ്റ്ററിൽ ജനനതീയതി, രജിസ്ട്രേഷൻ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

ഗുണഭോക്താക്കളുടെ അടിസ്ഥാന വിവരങ്ങളടങ്ങിയ തൊഴിൽ രഹിത വേതന രജിസ്റ്ററിൽ പല ഗുണഭോക്താക്കളുടെയും അപേക്ഷ, ജനന തീയതി, രജിസ്ട്രേഷൻ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കളുടെ പൂർണ്ണ വിവരങ്ങളുടെ അഭാവത്തിൽ അർഹത പരിശോധിക്കാൻ ഓഡിറ്റിനായിട്ടില്ല. രജിസ്റ്റർ പൂർണ്ണമാക്കേണ്ടതാണ്.

.

## 3-12 കറണ്ട് ചാർജിനത്തിൽ അധികം മാറിയ തുക പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചില്ല

തനതുഫണ്ട് വൗച്ചർ നം.12 തീ. 8/8/2015 പ്രകാരം 174/- രൂപ കറണ്ട് ചാർജ് ഒടുക്കിയിട്ടുണ്ടെങ്കിലും (കൺസ്യൂമർ നം.28358) ടി തീയതിയിൽ ബിൽ രജിസ്റ്റർ പ്രകാരം 207/- രൂപ മാറിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.5) നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. അധികമായി മാറിയ 33/- രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന - അപാകതകൾ

1. 31.3.16 വരെ ആർജ്ജിച്ച, സൃഷ്ടിച്ച ആസ്തികളുടെ മൂല്യം നിർണ്ണയിച്ച് ഡിപ്രിസിയേഷൻ കുറവു ചെയ്ത് അറ്റമൂല്യം കണക്കാക്കി ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.
2. തൊഴിലുറപ്പു പദ്ധതിയുടെ വരവും ചെലവും പൂർണ്ണമായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ മുൻകാല ഇനമായി കാണിച്ചിരിക്കുന്ന തുക എന്തെന്നു വ്യക്തമാക്കിയില്ല.
4. തൻവർഷത്തെ സർപ്ലസ് 192621/- രൂപയാണ്. ടി തുക മുൻകാല ഇനമായി കാണിച്ചിരിക്കുന്ന (-) 63078 – ൽ ക്രമീകരിക്കുമ്പോൾ നെറ്റ് സർപ്ലസ് 129543/- രൂപയാണ്. എന്നാൽ 255699/- രൂപ എന്നു രേഖപ്പെടുത്തിയിരിക്കുന്നു.
5. മുൻവർഷ പഞ്ചായത്ത് ഫണ്ട് ബാലൻസിനൊപ്പം ഈ വർഷത്തെ സർപ്ലസ് കൂട്ടിയല്ല ഈ വർഷത്തെ പഞ്ചായത്ത് ഫണ്ട് കണക്കാക്കിയിരിക്കുന്നത്.

4-2. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

--ഇല്ല--

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

--ഇല്ല--

4-5. വായ്പ/ വായ്പ തിരിച്ചടവ്

--ഇല്ല--

4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

--ഇല്ല--

4-7. ഓഡിറ്റ് റിക്കവറി

--ഇല്ല--

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| - | - | 2013-14 | 5.1.5 | വെണ്മണി പഞ്ചായത്തിലെ 15 ഏക്കറോളം വരുന്ന കുതിരവട്ടംചിറ വേണ്ട രീതിയിൽ സംരക്ഷണം കിട്ടാതെ ശോഷിച്ചു കൊണ്ടിരി ക്കുന്നു. | 26/6/15 ലെ VI/15- ാം നമ്പർ തീരുമാനപ്രകാരം ടി സ്ഥലം കയ്യേറിയിട്ടുണ്ടോയെന്നറിയാനായി 20.7.15 ലും 18.11.16 ലും ചെങ്ങന്നൂർ തഹസീൽദാർക്ക് കത്ത് നൽകിയിട്ടുണ്ട്. |

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 33164739 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 41026243 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 276026 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 302689 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 3000/- | വി.അനിൽകുമാർ<br>കൃഷി ഓഫീസർ |
| 3-4 | | 7000/- | പി.കെ.അനിൽകുമാർ<br>അസി.സെക്രട്ടറി |
| 3-5 | | 3875/- | സുജിത് രാജൻ, അസി.എഞ്ചിനീയർ |
| 3-6 | | 25000/- | ഹരീഷ് കുമാർ, അസി.സെക്രട്ടറി |
| 3-6 | | 100000/- | അനിൽകുമാർ.പി.കെ<br>അസി.സെക്രട്ടറി |

| | | | |
|---|---|---|---|
| 3-6 | | 75000/- | ടി.കെ.സുനിൽ, വി.ഇ.ഒ |
| 3-7 | | 62118/- | സുജിത് രാജൻ, അസി.എഞ്ചിനീയർ |
| 3-12 | | 33/- | ജി. സുനിൽ കുമാർ,സെക്രട്ടറി |
| | ആകെ | 276026/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 78000 | വി.അനിൽകുമാർ, കൃഷി ഓഫീസർ |
| 3-3 | 150000 | ജയശ്രീ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-8 | 4000 | ജി.സുനിൽകുമാർ, സെക്രട്ടറി |
| 3-9 | 48089 | ഡോ.ആർ.കൃഷ്ണകുമാർ, മെഡിക്കൽ ഓഫീസർ |
| 3-10(3) | 22600 | ജി.സുനിൽകുമാർ, സെക്രട്ടറി |
| ആകെ | 302689 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

3-7 – 3107/-(വാറ്റ്)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-2, 2-3, 2-4, 2-5

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജി.സുനിൽകുമാർ,<br>സെക്രട്ടറി | സെക്രട്ടറി<br>മുളക്കുഴ ഗ്രാമപഞ്ചായത്ത് | തട്ടാരയ്യത്ത്,<br>എരുമക്കുഴി,<br>നൂറനാട് പി ഒ<br>ആലപ്പുഴ |

| | | |
|---|---|---|
| | | |
| വി.അനിൽകുമാർ,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ, വെണ്മണി | കാവിവിളയിൽ<br>മാങ്കാംകുഴി പിഒ<br>മാവേലിക്കര<br>690558 |
| ജയശ്രീ,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ | വിരമിച്ചു | ചക്കാലവടക്കതിൽ<br>കരുനാഗപ്പള്ളി<br>ആലുംകടവ് പി.ഒ |
| പി.കെ.അനിൽകുമാർ<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി | ഹാപ്പി വില്ല<br>പെരിങ്ങിലിപ്പുറം പി.ഒ<br>എണ്ണക്കാട്<br>ബുധനൂർ |
| ഹരീഷ് കുമാർ<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി<br>തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് | ലഭ്യമല്ല |
| സുജിത് രാജൻ<br>അസി.എഞ്ചിനീയർ | സുജിത് രാജൻ,അസി.എഞ്ചിനീയർ | സുജിത് വില്ല<br>ഇട്ടിയപ്പൻ വിളയിൽ<br>മാവേലിക്കര |
| റ്റി.കെ.സുനിൽ<br>വി.ഇ.ഒ. | വെണ്മണി ഗ്രാമപഞ്ചായത് | തെങ്ങുംതറയിൽ<br>മാമ്പ്ര.പി.ഒ.<br>കോട്ടുകുളഞ്ഞി, ചെങ്ങന്നൂർ |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം` |
|---|---|
| 1993-94 | എൽ എഫ് എ 8/31/96/27.02.96 |
| 1996-97 | എൽ എഫ് എ 11-433/08/30.06.08 |

| | |
|---|---|
| 1997-98 | എൽ എഫ് എ 11-433/08/30.06.08 |
| 1997-98 (ചെലവ്) | എൽ എഫ് ജി എ 5- 1832 /11/30 .01.12 |
| 1998-99 (ചെലവ്) | എൽ എഫ് ജി എ 5- 1832 /11/30.01.12 |
| 1999-2000, 2000-01, 2001-02 (പദ്ധതിചെലവ്) | എൽ എഫ് ജി എ 5- 1832 /11/21.01.12 |
| 2003-04(വരവ്) | എൽ എഫ് എ 11-129/10/03.05.10/05.06.10 |
| 2003-04(ചെലവ്) | എൽ എഫ് ജി എ 5- 1832 /11/30.01.12 |
| 2004-05 | എൽ എഫ് എ 11/200/10/03.05.10/ 07.07.10 |
| 2006-07 (പദ്ധതിചെലവ്) | എൽ എഫ് എ പി.5/281/11/20.09.11/30.09.11 |
| 2006-07 | എൽ എഫ് എ പി.5/1482/10/20.06.11/02.07.11 |
| 2007-08 | എൽ എഫ് എ പി.5/282/11/20.09.11/30.09.11 |
| 2008-09 &2009-10 | എൽ എഫ് എ പി 5/861/12/09.10.12/14.12.12 |
| 2010-11 &2011-12 | എൽ എഫ് എ പി 5/ 493/13/21`.08.13/12.11.13 |
| 2012-13 &2013-14 | എൽ എഫ് എ പി 5/ 143/2015/25.03.15/04.06.15 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി-5 824/16/28.07.2016 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നം. കെ.എസ്.എ-എ.എൽ.പി/പി5/28/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.
തീയതി: 12.01.2017.

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ

No. KSA-ALP/P5/28/2017

Kerala State Audit Department,
District Audit Office, Alappuzha.
Date: 12.01.2017.

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Venmony Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Venmony Gramapanchayat for the year 2015-16 except the observations in my audit report Para 4-1 properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
Alappuzha.